# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3241 | 19.06.2019 ൽ മറുപടിക്ക്

## വാഹന പാർക്കിംഗ് സൗകര്യം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. എം.ഉമ്മർ** | | **എ.സി. മൊയ്തീൻ**<br>**(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്തെ തിരക്കേറിയ പ്രദേശങ്ങളിൽ വാഹന പാർക്കിംഗ് സൗകര്യങ്ങളുടെ അപര്യാപ്തത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) സംസ്ഥാനത്തെ തിരക്കേറിയ പ്രദേശങ്ങളിൽ വാഹന പാർക്കിംഗ് സൗകര്യങ്ങളുടെ അപര്യാപ്തത നിലവിലുണ്ട്. പാർക്കിംഗ് സംബന്ധമായ പഠനങ്ങൾ NATPAC മുഖേന നഗരപ്രദേശങ്ങളിൽ നടത്തിയിട്ടുണ്ട്. |
| ബി) | ഇത്തരം അപര്യാപ്തതകൾ ഒഴിവാക്കുന്നതിനായി ഒരു സമഗ്ര പാർക്കിംഗ് നയം ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ; | ബി), സി) & ഡി): ഓട്ടോമേറ്റഡ് മൾട്ടി ലെവൽ പാർക്കിംഗ് സംവിധാനം ഉൾപ്പെടെയുള്ള ആധുനിക പാർക്കിംഗ് സംവിധാനങ്ങൾ സംസ്ഥാനത്ത് വിവിധയിടങ്ങളിലും സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ, കോഴിക്കോട് എയർപോർട്ട്, വിവിധ കളക്ടറേറ്റുകൾ തുടങ്ങിയ ധാരാളം തിരക്ക് അനുഭവപ്പെടുന്ന ഇടങ്ങളിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ National Highways and Infrastructure Development Corporation Ltd. (NHIDCL) ഉം കേരള റോഡ് ഫണ്ട് ബോർഡുമായി ചേർന്ന് ഒരു ധാരണാപത്രം 2019 ജൂൺ 20-നകം തയ്യാറാക്കുവാൻ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10.06.2019-ൽ നടന്ന യോഗത്തിൽ തീരുമാനമായിട്ടുണ്ട്. ഏറ്റവും കുറച്ച് സ്ഥലം ഉപയോഗിച്ച് ആധുനിക പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തി തദ്ദേശ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന രീതിയിൽ പദ്ധതി വിഭാവനം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.<br><br>തിരുവനന്തപുരം നഗരസഭയ്ക്കുവേണ്ടിയുള്ള ഒരു പാർക്കിംഗ് നയം നാറ്റ്പാക് 2018-19 ൽ തയ്യാറാക്കി നൽകിയിട്ടുണ്ട്. |
| സി) | യന്ത്രവത്കൃത പാർക്കിംഗ് സംവിധാനത്തിന്റെ സാധ്യതകൾ സംബന്ധിച്ച് വിശദാംശങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | |
| ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കത്തക്ക രീതിയിൽ മേഖലയിലെ മറ്റ് ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങളുമായോ ഏജൻസികളുമായോ ചേർന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പാർക്കിംഗിന് സംവിധാനം നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ? | |

(ഒപ്പ്)

സെക്ഷൻ ഓഫീസർ